"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ്- ശ്രീമതി. ലക്ഷ്മി.എൽ ന്റെ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലെ നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.53/2025/WCDD തീയതി,തിരുവനന്തപുരം, 04-02-2025

---

പരാമർശം:-
1. വനിത ശിശു വികസന ഡയറക്ടറുടെ **02.08.2024** ലെ ഡിഡബ്ല്യുസിഡി/**7091/2023**-ഇ1 നം നടപടിക്രമം
2. വനിത ശിശു വികസന ഡയറക്ടറുടെ **18.01.2025** ലെ ഡിഡബ്ല്യുസിഡി/**7091/2023**-ഇ1 നം കത്ത്

**<u>ഉത്തരവ്</u>**

വനിത ശിശു വികസന വകുപ്പിൽ കേരള പിഎസ് സി മുഖേന നേരിട്ടുള്ള നിയമനം വഴി ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിൽ **12/10/2018** തീയതി പൂർവ്വാഹ്നത്തിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. ലക്ഷ്മി.എൽ തുടർച്ചയായ മൂന്ന് വർഷകാലയളവിനുള്ളിൽ രണ്ട് വർഷത്തെ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർബന്ധിത ടെസ്റ്റ് യോഗ്യത നേടാത്ത സാഹചര്യത്തിൽ, ടിയാൾ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിൽ പ്രവേശിച്ച് രണ്ട് വർഷം പൂർത്തിയാകുന്നതിന് തൊട്ടടുത്ത ദിവസമായ **12/10/2020** മുതൽ **11/10/2021** വരെയുള്ള ഒരു വർഷത്തേക്ക് ടിയാന്റെ നിരീക്ഷണകാലയളവ് പരാമർശം **(1)** പ്രകാരം ദീർഘിപ്പിച്ചതായും ജീവനക്കാരി നിർബന്ധമായും വിജയിക്കേണ്ട ടെസ്റ്റ് യോഗ്യത നേടുന്നത് **09/05/2023** ന് ആയതിനാൽ ടിയാളുടെ പ്രൊബേഷൻ **10/05/2023** പൂർവ്വാഹ്നം പ്രാബല്യത്തിൽ പൂർത്തീകരിക്കുന്നതായി പ്രഖ്യാപിക്കുന്നതിന് കെ.എസ്.എസ്.എസ്.ആർ ചട്ടം **21** പ്രകാരം നിരീക്ഷണകാലയളവ് **12/10/2021** മുതൽ **11/05/2023** വരെ ദീർഘിപ്പിച്ചു നൽകുന്നതിനുമായി പരാമർശം **(2)** പ്രകാരം വനിതാ ശിശു വികസന ഡയറക്ടർ ശിപാർശ സമർപ്പിച്ചിരിക്കുന്നു.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വനിത ശിശു വികസന വകുപ്പിൽ മുതുകുളം ശിശു വികസന പദ്ധതി ഓഫീസർ ശ്രീമതി. ലക്ഷ്മി.എൽ ന്റെ ടി തസ്തികയിലെ പ്രൊബേഷൻ കാലയളവ് വിജയകരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർബന്ധിത ടെസ്റ്റ് യോഗ്യത നേടിയത് 09/05/2023 തീയതിയിൽ ആയതിനാൽ മറ്റു വിധത്തിൽ യോഗ്യയെങ്കിൽ ടിയാളുടെ പ്രൊബേഷൻ 10/05/2023 പൂർവാഹനം പ്രാബല്യത്തിൽ പ്രഖ്യാപിക്കുവാൻ നിയമനാധികാരിക്ക് സാധിക്കുമാറ്, നിയമനാധികാരി പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 12/10/2021 മുതൽ 11/05/2023 വരെ ടി കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ M S

അണ്ടർ സെക്രട്ടറി

വനിത ശിശു വികസന ഡയറക്ടർ,തിരുവനന്തപുരം.

ശ്രീമതി.ലക്ഷ്മി.എൽ, ശിശു വികസന പദ്ധതി ഓഫീസർ

(വനിത ശിശു വികസന ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ & ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Bindu K N
സെക്ഷൻ ഓഫീസർ
Date: 04-02-2025 15:33:30